LIBRARY ARCHIVES Kerala Legislative Assembly

വന്യജീവി ആക്രമണത്തിൽ ജീവഹാനി

134(5581) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര ഏക്കർ വനഭൂമിയുണ്ട്?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ 4890.8997 ഏക്കർ വനഭൂമിയാണുള്ളത്.

(ബി) വേനൽക്കാലത്ത് വന്യജീവികൾ കുടിവെള്ളവും ഭക്ഷണവും തേടി നാട്ടിൽ എത്താതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

വേനൽക്കാലത്ത് വന്യജീവികൾക്ക് കുടിവെള്ളവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും നിലവിലുള്ള ഡാമുകൾ ചെളി നീക്കംചെയ്ത് സംരക്ഷിക്കുകയും ചെയ്തുവരുന്നു. കൂടാതെ വനത്തിനു പുറത്തുള്ള ജനവാസമേഖലകളിലേയ്ക്ക് വന്യമൃഗങ്ങൾ വരുന്നത് തടയുന്നതിനായി സോളാർ ഫെൻസിംഗ്, എലിഫന്റ് പ്രൂഫ് ട്രഞ്ച്, എലിഫന്റ് പ്രൂഫ് വാൾ എന്നിവ നിർമ്മിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർക്ക് വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ എണ്ണം	മറ്റ് ജീവികളുടെ ആക്രമണത്താൽ മരണപ്പെടുന്നവരുടെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം	7	4
കൊല്ലം	7	0
പത്തനംതിട്ട	17	4

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
ആലപ്പുഴ	0	0
ഇടുക്കി	5	5
എറണാകുളം	3	0
കോട്ടയം	4	1
പാലക്കാട്	20	17
തൃശ്ശൂർ	22	4
മലപ്പുറം	10	4
കോഴിക്കോട്	1	2
കണ്ണൂർ	19	7
വയനാട്	1	10
കാസർഗോഡ്	20	0
ആകെ	136	58

താമരശ്ശേരി ചെറുപ്പാട് പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം

135(5582) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിൽ പുത്തുപ്പാടി പഞ്ചായത്തിൽ ചെറുപ്പാട് പ്രദേശത്തെ താമസക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിൽ റീസർവ്വേ നമ്പർ 72/1 എ-യിൽപ്പെട്ട 86.86 ഹെക്ടർ വനഭൂമി 1971-ലെ വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് പ്രകാരം പതിച്ച് നൽകുന്നതിനായി റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. ഇതിൽ താമസയോഗ്യമല്ലാത്ത സ്ഥലങ്ങൾ ഒഴികെ 74 ഹെക്ടർ ഭൂമി 1978-ൽ പതിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ള താമസയോഗ്യമല്ലാത്ത ഭൂമിയും പതിച്ച് നൽകപ്പെട്ട ആൾക്കാർ കൈവശമേൽക്കാത്ത ഭൂമിയും വനം വകുപ്പിന് തിരിച്ചുലഭിക്കേണ്ടതുണ്ട്. ഇത്തരം ഭൂമികളിൽ 1982 മുതൽ ആളുകൾ കയ്യേറി താമസിക്കുന്നുണ്ട്. പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി 1980-ലെ കൺസർവേഷൻ ആക്ടിനനുസരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങാതെ പതിച്ചുനൽകാൻ സാധിക്കില്ല.